**കേരള സർക്കാർ**

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - മലപ്പുറം ജില്ല — പ്രളയം 2019 – നിലമ്പൂർ താലൂക്കിലെ കവളപ്പാറയിൽ 127 കുടുംബങ്ങളുടെ പുനരധിവാസത്തിനായി ധനസഹായം അനുവദിച്ചുകൊണ്ട് ദുരന്തനിവാരണ (എ) വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിനെ സാധൂകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്

**സ.ഉ. (സാധാ) നം. 2500/2020 /റവ.** **തിരുവനന്തപുരം, തീയതി, 30.07.2020**

---

പരാമർശം:- 1. 13.02.2020 തീയതിയിലെ സ.ഉ. (സാധാ) നം. 616/2020/റവ.
2. 25.02.2020 തീയതിയിലെ സ.ഉ. (സാധാ) നം. 777/2020/റവ.
3. 24.07.2020 തീയതിയിലെ സ.ഉ. (കൈ) നം. 24/2020/ഡിഎംഡി.

<u>ഉത്തരവ്</u>

2019 ലെ പ്രകൃതിക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട നിലമ്പൂർ കവളപ്പാറയിലെ 127 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിലേയ്ക്കായി പരാമർശം (3) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത 127 കുടുംബങ്ങളിൽ 33 കുടുംബങ്ങൾക്ക്, വാസയോഗ്യമായ ഭൂമി വാങ്ങുന്നതിലേയ്ക്കായി പരാമർശം (1) പ്രകാരവും 27 കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭൂമി വാങ്ങുന്നതിലേയ്ക്കായി പരാമർശം (2) പ്രകാരവും സർക്കാർ ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത 33 കുടുംബങ്ങളുടെ ഗൃഹനിർമ്മാണം വ്യവസായിയായ ശ്രീ. എം.എ.യൂസഫലി സ്പോൺസർ ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 67 കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭൂമി വാങ്ങുന്നതിലേയ്ക്കായി 4.02 കോടി രൂപയും പുനരധിവാസത്തിന് ഗൃഹനിർമ്മാണം ആവശ്യമായി വരുന്ന 94 കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള വിഹിതമായ 3,04,900/- രൂപ ഒരു കുടുംബത്തിന് എന്ന കണക്കിൽ 2,86,60,600/- രൂപയും ഉൾപ്പെടെ ആകെ **6,88,60,600/- (ആറ് കോടി എൺപത്തിയെട്ട് ലക്ഷത്തി അറുപതിനായിരത്തി അറുന്നൂറ് രൂപ മാത്രം) രൂപ** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ടും പരാമർശം (3) പ്രകാരമുള്ള ദുരന്തനിവാരണ വകുപ്പിന്റെ ഉത്തരവിനെ സാധൂകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായിവരുന്ന **6,88,60,600/- (ആറു കോടി എൺപത്തിയെട്ട് ലക്ഷത്തി അറുപതിനായിരത്തി അറുന്നൂറ് രൂപ മാത്രം) രൂപ** *"2075-00-800-40 Contribution to Chief Minister's Distress Relief Fund (NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും ബന്ധപ്പെട്ട മലപ്പുറം ജില്ലാ കളക്ടർക്ക്

അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗീത.എൽ**

**സ്പെഷ്യൽ സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം
ജില്ലാ കളക്ടർ, മലപ്പുറം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്
വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.